# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3920</u> <u>26.06.2013 ൽ മറുപടിക്ക്</u>

**കാൻസർ രോഗികൾക്ക് നൽകി വരുന്ന സഹായങ്ങൾ**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാൻസർ രോഗികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) കാൻസർ രോഗികൾക്ക് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പാവപ്പെട്ട കാൻസർ രോഗികൾക്ക് പ്രതിമാസം 525/- രൂപ സർക്കാർ പെൻഷൻ<br>2. കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വരെയുള്ള ചികിൽസ<br>3. ചിസ് + കാർഡുടമകളായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കാൻസർ രോഗികൾക്ക് 70,000/- രൂപവരെയുള്ള സൗജന്യ ചികിൽസ.<br>4. കാൻസർ രോഗികൾക്കും സഹായിക്കും ആശുപത്രി സന്ദർശനത്തിനും മടങ്ങി പ്പോകുന്നതിനുമുള്ള റയിൽവേ ടിക്കറ്റ് കൺസഷൻ.<br>5. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ കാൻസർ ചികിൽസയ്ക്കായുള്ള കാൻസർ സുരക്ഷാപദ്ധതി.<br>6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാൻസർ രോഗികൾക്കുള്ള ധനസഹായം.<br>7. ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി പ്രകാരം 20,000/- രൂപയുടെ ധനസഹായം.<br>കാൻസർ ചികിൽസ സർക്കാർ മേഖലയിൽ അഞ്ച് മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, ജനറൽ ഹോസ്പിറ്റൽ എറണാകുളം എന്നിവിടങ്ങളിലാണ് ലഭ്യമായി ട്ടുള്ളത്. 2012-13 ൽ സംസ്ഥാന ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പ് സർക്കാർ തലത്തിൽ അർബുദ ചികിൽസ ഇല്ലാത്ത ഏഴ് ജില്ലകളിലെ ഒരാശുപത്രിയിൽ കാൻസർ കെയർ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. Follow up കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിൽസാ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കിയിരിക്കുന്ന ഈ സെന്ററുകളിൽ കീമോതെറാപ്പിയിൽ പരിശീലനം നൽകിയ ഡോക്ടർമാരെയും സ്റ്റാഫ് നഴ്സമാരെയും നിയമിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും Oral Cancer Detection Clinic സജ്ജമാക്കുകയും വിദൂര പ്രദേശങ്ങളിൽ മൊബൈൽ ഓറൽ കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ സജ്ജമാക്കുകയും ചെയ്തു. |
| (ബി) | ഇവർക്ക് നൽകുന്ന ഔഷധങ്ങളുടെയും മറ്റും വില നിയന്ത്രിക്കുന്നതിനും ഇവർക്ക് നൽകുന്ന പ്രതിമാസ പെൻഷൻ 5,000/- രൂപയായി ഉയർത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ? | (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് (NPPA) ഇന്ത്യയിലൊട്ടാകെ മരുന്നുകളുടെ പരമാവധി വില നിശ്ചയിച്ചുറപ്പിക്കുന്നത്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള 348 അവശ്യ മരുന്നുകളുടെ ലിസ്റ്റിൽ (National List of Essential Medicines 2012) കാൻസർ രോഗചികിൽസയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടുന്നു.<br><br>നിലവിൽ കാൻസർ രോഗികൾക്ക് 525/- രൂപ പെൻഷനായി നൽകി വരുന്നു,. 2013-2014 ബഡ്ജറ്റിൽ കാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പെൻഷൻ 800/- രൂപയായി വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കാൻസർ പോലെയുള്ള മാരക രോഗങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം പ്രചാരണങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത് എന്ന് വ്യക്തമാക്കാമോ ; | (സി) | ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികളായ അമൃതം ആരോഗ്യവും NPCDCS ഉം കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്നു. കാൻസറിന് മുഖ്യകാരണമായ പുകയില ഉൽപന്നങ്ങളുടെ ഉപയോഗം തടയുന്നതിനും ജനങ്ങളെ ബോധവാൻമാരാക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനായി കാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ സംസ്ഥാന ത്തുടനീളം നടപ്പിലാക്കുകയുണ്ടായി. ഇതിനുപുറമെ വിവിധ തലങ്ങളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാൻസറിനെതിരെയുള്ള നിരന്തരമായ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പ്രവർത്തനങ്ങൾ ആർ.സി.സി.യും നടത്തുന്നുണ്ട്. കമ്മ്യൂണിറ്റി ഓംകോളജിയുടെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ മൂന്നു ദിവസം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഈ ലക്ഷ്യത്തോടെ ആർ.സി.സി.യിലും ക്ലിനിക് പ്രവർത്തിക്കുന്നു. പുകയിലജന്യ കാൻസറുകളെ പ്രതിരോധിക്കുന്നതിനായി ആർ.സി.സി.യിൽ ഒരു പുകയില വിമോചന ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്.<br><br>ഇതു കൂടാതെ ആർ.സി.സി. പബ്ലിക് റിലേഷൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പത്രമാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, ആകാശവാണി, ദൂരദർശൻകേന്ദ്രം, സ്വകാര്യ ടി.വി. ചാനലുകൾ എന്നിവ വഴി ബോധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തിരുവനന്തപുരം ദൂരദർശൻകേന്ദ്രത്തിലൂടെ എല്ലാ വെള്ളിയാഴ്ചയും രാത്രി 7.30 ന് കാൻസറിനെക്കുറിച്ചുള്ള ബോധന പരിപാടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. |
| (ഡി) | കാൻസർ വന്ന് അകാലത്തിൽ മരണപ്പെടുന്നവരുടെ 21 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് പഠനത്തിനും ജീവിത ചെലവിനും പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ